ശ്രീ. പി. ജെ. ജോസഫ് : അതിൽ ഏതാണ്ട് ആറായിരത്തോളം കേസ്സുകളും മിച്ചഭൂമി വിതരണം ചെയ്ത കാര്യത്തിലാണ് നടന്നിട്ടുള്ളത്. തീർച്ചയായും അതിൽ 50 ശതമാനവും പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കായിരിക്കണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. അതിൽ മാറ്റമുണ്ടാകാൻ സാദ്ധ്യതയില്ല.

ശ്രീ. ഒ. രേതൻ : കണ്ണൂർ ജില്ലയിൽ തളിപ്പറമ്പ് താലൂക്കിൽ പെരുമംതഴക്കര പഞ്ചായത്തിൽ ചെറുപുഴ-പുളിങ്കൊമ്പ് പ്രദേശങ്ങളിൽ പുഴയോരത്ത് കർണ്ണാടക വനഭൂമിയുടെ സമീപത്ത് താമസിക്കുന്ന ഇരുന്നൂറിലധികം കുടുംബങ്ങൾക്ക്—അവർ പത്ത് പതിനഞ്ച് വർഷമായി കൈവശം വയ്ക്കുന്നതും മാവ്, പ്ലാവ്, കവുങ്ങ് എന്നിവ കൃഷി ചെയ്തുണ്ടാക്കിയതുമായ ഭൂമി പട്ടയം കൊടുക്കണമെന്ന അപേക്ഷയുടെമേൽ എന്ത് നടപടിയാണ് എടുത്തിട്ടുള്ളത് ?

ശ്രീ. പി. ജെ. ജോസഫ് : ഇത് അതിർത്തി പ്രദേശത്തുള്ള ഭൂമിയാണ്. അതിന് സാങ്കേതികമായ ചില തടസ്സങ്ങളുണ്ട്. ഗവൺമെൻറ് അത് പരിഹരിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം ദേശസാൽക്കരിച്ച വ്യവസായങ്ങൾ

* 152. [155] ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി ;
,, സ്റ്റീഫൻ പാടുവ :
,, പി. പി. തങ്കച്ചൻ :
,, ജോസ് കുറ്റ്യാനി :
,, കെ. കെ. ശ്രീനിവാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം വ്യവസായങ്ങൾ ദേശസാൽക്കരിച്ചു ;

(ബി) ഗവൺമെൻറ് ഏറ്റെടുത്ത വ്യവസായങ്ങൾ ഏവ ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്) :

(എ) കോഴിക്കോടുള്ള മലബാർ വിവിംഗ് ആൻറ് സ്പിന്നിംഗ് മിൽസ്, ഏറ്റുമാനൂരിലെ കോട്ടയം ടെക്സ്റ്റയിൽ മിൽസ്, ചെങ്ങന്നൂരിലെ പ്പൂറാം മിൽസ്, പാപ്പിനിശ്ശേരിയിലെ സൂപ്പർക്ലേയ്സ് ആൻറ് മിനറൽസ് കമ്പനി എന്നിവയാണ് ദേശസാൽക്കരിക്കപ്പെട്ടിട്ടുള്ളത്.

(ബി) ധനലക്ഷ്മി എക്സ്പോർട്ട്സ് നാവായിക്കുളം, ചെങ്ങമനാട് ഗ്രാൻറ് കാഷ്യൂ കോർപ്പറേഷൻ, കാരക്കോട് കായിലോൺ എക്സ്പോർട്ട്സ്, പെരിനാട് രാജശ്രീ എക്സ്പോർട്ട്സ്, ഇരവിപുരം ദാമോദർ കാഷ്യൂസ്, കിളികൊല്ലൂർ കെ. എ. കരീം ആൻറ് സൺസ്, പാത്തിനംകുളം വിശ്വനാഥ് കാഷ്യൂ കമ്പനി, പെരുമ്പുഴ ഡാൽമിയ ഇൻറർനാഷണൽ, പത്തിയൂർ സ്റ്റാൻഡേർഡ് കാഷ്യൂ കമ്പനി, എരുവ തണ്ഡാൻസാ എക്സ്പോർട്ട്സ് ഇങ്ങനെ 10 കാഷ്യൂ ഫാക്ടറികളാണ് ഗവൺമെൻറ് ഏറ്റെടുത്തിട്ടുള്ളത്.

ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി : ഏറ്റെടുത്ത വ്യവസായങ്ങൾ ലാഭത്തിലാണോ നടക്കുന്നത് ; അല്ലെങ്കിൽ ലാഭകരമായി നടത്തുന്നതിന് വല്ല പദ്ധതികളും പുതുതായി നടപ്പിലാക്കുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. അഹമ്മദ് : നാഷണലൈസ് ചെയ്തത് ഞാൻ ആദ്യത്തെ ഉത്തരത്തിൽ പറഞ്ഞതുപോലെ മില്ലുകളാണ്. മൂന്നുമില്ലുകളെ സംബന്ധിച്ച് ഒരു മോഡണൈസേഷൻസ് സ്കീമിനുവേണ്ടി മദിരാശിയിലെ കോത്താരി കൺസൾട്ടൻസിനെ വിശദമായ പദ്ധതിരൂപരേഖ തയ്യാറാക്കാൻ ഏല്പിച്ചിട്ടുണ്ട്. സൂപ്പർക്ലേയ്സിനെ സംബന്ധിച്ച് പുതിയ ചില പദ്ധതികൾ അവിടെ നടത്തുവാനുള്ള നടപടികൾ എടുത്തിട്ടുണ്ട്. കാഷ്യൂ കമ്പനിയെ സംബന്ധിച്ചിടത്തോളം കഴിയുന്നത്ര തോട്ടണ്ടി ലഭ്യമാക്കി അവർക്ക് ജോലി നല്കാൻ കാപ്പെക്സ് ശ്രമിക്കുന്നുണ്ട്.

ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി : വിവിധ വ്യവസായങ്ങൾ ഏറ്റെടുത്തപോലെ 20 ഓളം ചെറുകിടക്കാർക്ക് ജോലിയുണ്ടായിരുന്ന വടക്കാഞ്ചേരി മെറ്റൽ കമ്പനി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആലോചനയിലുണ്ടായിരുന്നു. അതിന്റെ നടപടികൾ ഏതുവരെയായി ?

ശ്രീ. ഇ. അഹമ്മദ് : വടക്കാഞ്ചേരി മെറ്റൽ കമ്പനി ഏറ്റെടുക്കാനുള്ള നടപടിയെടുത്തിട്ടില്ല. അത് റിവൈവ് ചെയ്യാൻ ഉള്ള നടപടിയാണ് എടുത്തത്. അവർ കേരള സ്റ്റേറ്റ് ഇൻഡസ്ട്രീസുമായി ചർച്ച നടത്തുന്നതായിട്ടാണ് ഞാൻ മനസ്സിലാക്കുന്നത്. ഏറ്റെടുക്കാനുള്ള നടപടിയൊന്നും ഗവൺമെന്റ് ഇതുവരെ എടുത്തിട്ടില്ല.

Shri Stephen Padua : Sir, Will the Minister be pleased to state the norms for nationalising and taking over of Industries ?

Shri E. Ahammed : The Government takes over industries under the various provisions of the Statute. In the matter of Cashew Factories it was under the " Cashew Acquisition Act", and in respect of Spinning Mills, it was under the Industrial Regulations Act. A Bill has been moved and passed by this House for nationalising them. So norms are mainly fixed in view of the necessity for the nationalisation and also in the best interests of the labourers.

Shri Stephen Padua : Is there any proposal to appoint technocrats to run these industries properly and profitably ; If not, will the Government be pleased to consider such a proposal ?

Shri E. Ahammed : As far as possible the Government in appointing technically qualified people to run the factories. As and when qualified people are required, Government takes steps to appoint them after advertising.

ശ്രീ. കെ. ചന്ദ്രശേഖരൻ : പ്രധാനമന്ത്രി ശ്രീ. രാജീവ് ഗാന്ധി പ്രസ്താവിച്ചു ഇനി മുതൽ സിക്ക് ഇൻഡസ്ട്രീസൊന്നുംതന്നെ ഗവൺമെന്റ് ടേക്ക് ഓവർ ചെയ്യാൻ ഉദ്ദേശിക്കുന്നില്ല, ആ പരിപാടി പരാജയമാണ് എന്ന്. അങ്ങനെ ചെലവാക്കുന്ന സംഖ്യയെല്ലാം ഇനിമുതൽ പുതിയ വ്യവസായങ്ങൾ തുടങ്ങുന്നതിനാണ് ചെലവഴിക്കാൻ പോകുന്നത് എന്ന അഭിപ്രായത്തോട് ഈ ഗവൺമെന്റിനു യോജിപ്പാണോ ; അങ്ങനെയെങ്കിൽ ഇനി സിക്ക് ഇൻഡസ്ട്രീസൊന്നും ഏറ്റെടുക്കില്ല എന്നുള്ളതായിരിക്കുമോ നയം ?

ശ്രീ. ഇ. അഹമ്മദ് : ഇൻഡ്യാഗവൺമെന്റിനെ സംബന്ധിച്ചിടത്തോളമുള്ള നിയമമാണ് ബഹുമാനപ്പെട്ട പ്രധാനമന്ത്രി പ്രഖ്യാപിച്ചത്. അത് ബാധകമാകുന്നത് ഓരോ പ്രദേശത്തെയും പ്രത്യേകമായ പരിതഃസ്ഥിതിക്കനുസരിച്ചാണ്. ഞാൻ മനസ്സിലാക്കിയിടത്തോളം കേന്ദ്രഗവൺമെന്റിന്റെ

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായത്തിന്റെ ഒരു ഭാഗമായിട്ടാണ് ബഹുമാനപ്പെട്ട പ്രധാനമന്ത്രി അങ്ങനെ പറഞ്ഞത്. ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം യുക്തമെന്നു തോന്നുന്ന നടപടിക്രമം മാത്രമേ എടുക്കുകയുള്ളൂ.

ശ്രീ. കെ. സി. ജോസഫ് : കഴിഞ്ഞ 23 മാസക്കാലമായി പൂട്ടിക്കിടക്കുന്ന ചങ്ങനാശ്ശേരി റൂബി റബ്ബർവർക്സ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ അതിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങളും ഇപ്പോൾ ഏത് ഘട്ടത്തിലാണ് ?

ശ്രീ. ഇ. അഹമ്മദ് : അതിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങളും നടത്തിക്കൊണ്ടിരിക്കുകയാണ്. അത് സംബന്ധിച്ച് ആവശ്യമായ ചർച്ചകളും ഗവൺമെന്റ് ബന്ധപ്പെട്ട മറ്റ് സ്ഥാപനങ്ങളുമായി ഇപ്പോഴും നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. എ. സി. ഷൺമുഖദാസ് : ഇവിടെ 'ആവശ്യകതയാണ് ഏറ്റെടുക്കാൻ കാരണ'മെന്ന് പറഞ്ഞു. കഴിഞ്ഞ ഒന്നേകാൽ കൊല്ലമായി പൂട്ടിക്കിടക്കുന്ന ഗ്വാളിയർ റയോൺസ്, 10 മാസമായി പൂട്ടിക്കിടക്കുന്ന കുന്നത്തറ ടെക്സ്റ്റയിൽസ് ഇവ ദേശസാല്ക്കരിക്കുന്നതിനെ സംബന്ധിച്ച് ഗവൺമെന്റിന് വല്ല ആലോചനയുമുണ്ടോ; ഇത് ദേശസാല്ക്കരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് വല്ല നിവേദനവും ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ ?

ശ്രീ. ഇ. അഹമ്മദ് : ഈ വ്യവസായങ്ങളും ഏറ്റെടുത്തതുകൊണ്ടുമാത്രം അവിടത്തെ പ്രശ്നങ്ങളും പരിഹൃതമാകുമോയെന്നുള്ള കാര്യം സംശയമാണ്. ഒന്നാമത് ഗവൺമെന്റിന്റെ സാമ്പത്തികകഴിവ്, ഒരു വ്യവസായം ഏറ്റെടുത്തുകഴിഞ്ഞാൽ അവിടെ മുതൽ മുടക്കാനുള്ള ഗവൺമെന്റിന്റെ കഴിവ്, ഇതൊക്കെ നോക്കണം. ഗ്വാളിയർറയോൺസിനെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട ഷൺമുഖദാസിനുതന്നെ അറിയാവുന്നതാണ്, മുമ്പ് ഗവൺമെന്റ് പാസ്സാക്കിയ ഒരുത്തരവും, അത് കോടതിയിൽ പോയ കാര്യവുമൊക്കെ. കുന്നത്തറയെ സംബന്ധിച്ചിടത്തോളം ഇപ്പോഴുതന്നെ അത് ഗവൺമെന്റിനെ സഹായിക്കാൻവേണ്ടി റിലീഫ് അണ്ടർ ടേക്കിംഗ് എന്നുള്ള നിലക്ക് മാനേജ്മെന്റ് ആണ് അത് ചെയ്യുന്നത്. ഏറ്റെടുക്കുകയെന്നുള്ളത് അത്ര എളുപ്പമുള്ള കാര്യമല്ല, ഗവൺമെന്റിന്റെ സാമ്പത്തികമായ കഴിവും അത് ഏറ്റെടുത്തശേഷം നന്നാക്കുന്ന കാര്യവുമൊക്കെ ആലോചിച്ച് തീരുമാനിക്കേണ്ടതാണ്. ഓരോന്നും അതിന്റെ മെരിറ്റ് അനുസരിച്ച് പരിശോധിക്കേണ്ടതാണ്.

ശ്രീ. തോമസ് കല്ലംപള്ളി : ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഏറ്റെടുത്ത വ്യവസായങ്ങളുടെ കണക്ക് ഇവിടെ പറഞ്ഞു. അതിനുവേണ്ടി മൊത്തം എന്തു തുക ചെലവായി എന്നും വ്യക്തമാക്കുമോ ?

ശ്രീ. ഇ. അഹമ്മദ് : ദേശസാൽക്കരിച്ച മില്ലുകളെ സംബന്ധിച്ചിടത്തോളം ഈ നിയമസഭ പാസ്സാക്കിയ നിയമപ്രകാരം അവർക്കുള്ള നഷ്ടപരിഹാരം കൊടുക്കാൻ ഉള്ള തുകയാണ് ഇതിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. നഷ്ടപരിഹാരത്തുക എത്രയാണ് എൺപതുലക്ഷത്തിലധികമായാണ് കണക്കാക്കിയിട്ടുള്ളത്. ഇത് ഈ നിയമസഭ പാസ്സാക്കിയതാണ്. കശുവണ്ടി ഫാക്ടറികളെ സംബന്ധിച്ചിടത്തോളം അതുണ്ടായിരുന്ന സമയത്തുള്ളതാണ്, അത് കൊടുത്തിട്ടില്ല. അത് റീവൈവ് ചെയ്യാൻ സഹകരണ സംഘങ്ങളെ ഏല്പിച്ചിരിക്കുകയാണ്.

ശ്രീ. കെ. പി. പ്രഭാകരൻ : മാവൂർ റയോൺസിന്റെ കാര്യത്തിൽ ഉത്തരവ് പുറപ്പെടുവിച്ചതിനെ സംബന്ധിച്ച് മന്ത്രി പറഞ്ഞു. അതിനെ സംബന്ധിച്ചിടത്തോളം കേന്ദ്രഗവൺമെന്റിനാണ് അധികാരമെന്നാണ് പറഞ്ഞത്.

LIBRARY ARCHIVES Kerala Legislative Assembly

അന്നത്തേക്കാൾ വ്യത്യസ്തമായ സാഹചര്യമാണ് ഇപ്പോഴുള്ളത്. അത് ഒന്നര വർഷമായി പൂട്ടിക്കിടക്കുകയാണ്. അതിനുവേണ്ടി അസംസ്കൃത സാധനങ്ങൾ കൊടുക്കേണ്ടത് ഗവൺമെന്റാണ്. ഇത് സംബന്ധിച്ച തർക്കം ഇപ്പോഴും നിലനിൽക്കുന്നുണ്ട്. ആ കാരണത്താൽ ഇനി തുടർന്ന് പ്രവർത്തിക്കുകയില്ല. ഗവൺമെന്റിന്റെ അസംസ്കൃത പദാർത്ഥങ്ങൾ ഉപയോഗിച്ചുകൊണ്ട് അത് ഏറ്റെടുത്ത് നടത്തുന്നതിനുള്ള എന്തെങ്കിലും, നിർദ്ദേശം ഈ ഗവൺമെന്റ് കേന്ദ്രഗവൺമെന്റിന്റെ മുൻപിൽ സമർപ്പിച്ചിട്ടുണ്ടോ; അതിന് അനുമതി ലഭിക്കാൻ വേണ്ടി എന്തെങ്കിലും ശ്രമം നടത്തുമോ?

ശ്രീ. ഇ. അഹമ്മദ്: പ്രശ്നത്തെ സംബന്ധിച്ച് മാനേജ്മെന്റും ഗവൺമെന്റും തമ്മിൽ ചർച്ചകൾ തുടർന്നുകൊണ്ടിരിക്കുകയാണ്. അവിടെ ഒന്നിലധികം പ്രശ്നങ്ങളുണ്ട്. കഴിയുന്നത്ര വേഗം അത് തുറക്കാനുള്ള നടപടികൾക്കു വേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ ചർച്ചകൾ തുടർന്ന് നടത്തുകയാണ്.

ശ്രീ. രാഘവൻ പൊഴക്കടവിൽ: എത്രയെല്ലാം മാനദണ്ഡങ്ങൾ വച്ചുകൊണ്ടാണ് ഇത്തരം വ്യവസായ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്നത്, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ഒരു ലിസ്റ്റ് വായിച്ചു. അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ശ്രീ. ഇ. അഹമ്മദ്: മലബാർ സ്പിന്നിംഗ് മില്ലും ഏറുമാന്നൂർ കോട്ടയം മില്ലും പ്രഭുറാം മില്ലും വളരെ മുൻപുതന്നെ പൂട്ടിക്കിടക്കുന്നതുകൊണ്ട് അവിടത്തെ തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാക്കാൻ വേണ്ടി അത് ഇൻഡസ്ട്രിയൽ റെഗുലേഷൻ ആക്ട് പ്രകാരം ഏറ്റെടുക്കുകയും പിന്നീട് ദേശസാൽക്കരിക്കുകയും ചെയ്തു. അത് ഏറ്റെടുത്തു കഴിഞ്ഞാൽ ഗവൺമെന്റിനു അതിൽ മുതൽ മുടക്കാവുന്ന കഴിവ് ഇതുകൊണ്ടു നടത്താവുന്ന ശേഷി, ഗവൺമെന്റിന്റെ മറ്റ് കപ്പാസിറ്റി മുതലായവ നോക്കണം. ഇതു പൊതുതാൽപ്പര്യത്തെ മുൻനിറുത്തിയാണ് ചെയ്യുന്നത്.

ശ്രീ. കെ. പങ്കജാക്ഷൻ: കൊല്ലം മേഖലയിൽ അറുപത്—അറുപത്തിയഞ്ച് ഫാക്ടറികളിലായി നാൽപ്പത്തി അയ്യായിരത്തോളം കശുവണ്ടിത്തൊഴിലാളികൾ ഇപ്പോഴും തൊഴിലില്ലാതെ നിൽക്കുകയാണ്. കുറേ ഫാക്ടറികൾകൂടി ഗവൺമെന്റ് ഏറ്റെടുത്ത് നടത്തുന്നതിനുള്ള നിർദ്ദേശവുമുണ്ടായിരുന്നു. ലാഭകരമായി നടത്താവുന്ന വ്യവസായമാണെന്ന് വ്യക്തമായി ബോദ്ധ്യപ്പെട്ടിട്ടുള്ള പരിതഃസ്ഥിതിയിൽ കൂടുതൽ കശുവണ്ടി ഫാക്ടറികൾ ഏറ്റെടുത്ത് കൂടുതൽ തൊഴിലാളികൾക്ക് തൊഴിൽ നൽകി അവർ അനുവേക്കുന്ന തൊഴിലില്ലായ്മക്ക് പരിഹാരമുണ്ടാക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. ഇ. അഹമ്മദ്: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതു പ്രകാരം കൂടുതൽ കശുവണ്ടി ഫാക്ടറികൾ ഏറ്റെടുക്കാനുള്ള നടപടികളെല്ലാം ഗവൺമെന്റ് നടത്തുന്നുണ്ട്. ഏറ്റെടുത്തുകഴിഞ്ഞാൽ അവർക്ക് ആവശ്യമായ തോട്ടണ്ടി കൂടി ലഭ്യമാക്കാനുള്ള നടപടികളും ഗവൺമെന്റ് എടുക്കുകയാണ്. അതുകൊണ്ട് ഇന്ന് നിലവിലുള്ള ഫാക്ടറികളിലെ തൊഴിലാളികൾക്കുള്ള തോട്ടണ്ടിയാണ് കാപ്പെക്സിന്റെ കയ്യിൽ ഇപ്പോഴുള്ളത്. ആഭ്യന്തര വിപണിയിൽ ഇല്ലെങ്കിൽ കൂടുതൽ തോട്ടണ്ടി വിദേശത്തുനിന്നായാലും വാങ്ങാനുള്ള നടപടികളും കാപ്പെക്സ് നടത്തിക്കൊണ്ടിരിക്കുകയാണ്. അത് കിട്ടുന്ന മുറയ്ക്ക് കൂടുതൽ ഫാക്ടറികളും ഏറ്റെടുക്കും.

ശ്രീ. സി. എഫ്. തോമസ്: പൂട്ടിക്കിടക്കുന്ന വ്യവസായങ്ങളെല്ലാം പൂർണ്ണമായി ഏറ്റെടുക്കുന്നതിന് ഗവൺമെന്റിനു മുതൽമുടക്കാൻ ബുദ്ധിമുട്ടുണ്ട് എന്നു പറഞ്ഞു. റൂബി റബ്ബർ വർക്സ് പോലെ ഒന്ന്—രണ്ട്

LIBRARY ARCHIVES Kerala Legislative Assembly

വർഷമായി പൂട്ടിക്കിടക്കുന്ന ഫാക്ടറികളും ഏറ്റെടുക്കാൻ എന്തെങ്കിലും സ്കീം, ആരെങ്കിലും സമർപ്പിച്ചാൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ചെയ്യാവുന്ന സഹായങ്ങൾ—മുതൽമുടക്ക്—ചെയ്യാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. ഇ. അഹമ്മദ് : ചെയ്യാവുന്ന സഹായം ചെയ്യുന്നതിന് വിരോധമില്ല. ചെയ്യാൻ ആവാത്ത സഹായത്തിന്റെ കാര്യം പറഞ്ഞാൽ ചെയ്യാൻ സാധിക്കുകയില്ല. അതുകൊണ്ട് തന്നെയാണ് റൂബിയെപ്പോലെയുള്ള സ്ഥാപനങ്ങൾ ഏതെങ്കിലും നിലയിൽ പുനരുദ്ധരിക്കാൻ ചർച്ചകൾ നടത്തുന്നത്.

ശ്രീ. വി. ജെ. തങ്കപ്പൻ : നമ്മുടെ സംസ്ഥാനത്തെ സഹകാര്യമേഖലയിലെ വ്യവസായങ്ങൾ ദേശസാൽക്കരിക്കുന്നത് ഒരു നയമായി ഗവൺമെന്റ് അംഗീകരിക്കുന്നുണ്ടോ ?

ശ്രീ. ഇ. അഹമ്മദ് : അത് ഒരു നയമായി അംഗീകരിക്കുന്നില്ല. ഇതുതന്നെ മിക്സഡ് എക്കണമിയാണ്. സഹകാര്യമേഖലയിൽ വ്യവസായ സ്ഥാപനങ്ങൾ നടത്താൻ പരിപൂർണ്ണമായ അധികാരമുണ്ട്. അതുകൊണ്ട് സഹകാര്യമേഖലയിലെ സ്ഥാപനം ദേശസാൽക്കരിക്കുക ഗവൺമെന്റിന്റെ നയമല്ല.

ശ്രീ. നെടുമ്പിൽ രവി : പഴക്കം ചെന്ന പൊതുമേഖലാ സ്ഥാപനമായ കുണ്ടറയിലെ കേരള സിറാമിക്സ് കഴിഞ്ഞ ജൂൺമാസം മുതൽ വലിയ സാമ്പത്തിക കുഴപ്പം മൂലം അടച്ചുപൂട്ടിക്കിടക്കുകയാണ് എന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ? അതിനു വേണ്ട സഹായം നൽകി അത് പ്രവർത്തനം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. ഇ. അഹമ്മദ് : ചോദ്യം, ദേശസാൽക്കരിക്കുന്നതും ഗവൺമെന്റ് ഏറ്റെടുക്കുന്നതുമായ വ്യവസായങ്ങളെ സംബന്ധിച്ചാണ്. അദ്ദേഹം ചോദിച്ചത് ഗവൺമെന്റുടമയിലുള്ള വ്യവസായത്തിനെ സംബന്ധിച്ചാണ്. അതിന് പ്രത്യേകചോദ്യം ചോദിക്കണം.

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ : ബോംബെ ഹൈക്കോടതിയിൽ നിലനിൽക്കുന്ന ഒരു കേസിന്റെ അടിസ്ഥാനത്തിൽ പുനലൂർ പേപ്പർമിൽ അതിന്റെ പ്രധാനപ്പെട്ട ഉപകരണങ്ങൾ വിൽക്കാനും ആ ഫാക്ടറിതന്നെ തമിഴ്നാട്ടിലേക്ക് മാറ്റാനുമുള്ള തന്ത്രപൂർവ്വമായ ചില നീക്കങ്ങൾ നടത്തുന്നുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ആ കേസിൽ ഗവൺമെന്റ് കക്ഷിചേരാനും ആ സ്ഥാപനം ഏറ്റെടുക്കാനും തയ്യാറാകുമോ ?

ശ്രീ. ഇ. അഹമ്മദ് : കേസിൽ ഗവൺമെന്റ് കക്ഷിചേരണമോ എന്ന് കേസിന്റെ സംഗതി അറിയാതെ പറയാൻ സാധിക്കുകയില്ല. ഞാൻ മനസ്സിലാക്കിയത് പുനലൂർ പേപ്പർമിൽ രണ്ടാമതും തുറന്ന് പ്രവർത്തിച്ചുതുടങ്ങി എന്നാണ്.

കൈത്തറി മേഖലയിലെ പ്രശ്നങ്ങൾ

* 153. [156] ശ്രീ. വി. സുരേന്ദ്രൻപിള്ള :
,, ടി. എസ് ജോൺ :
,, പി. സി. ജോർജ് :

LIBRARY ARCHIVES Kerala Legislative Assembly